**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 155** **29-01-2024 - ൽ മറുപടിയ്ക്ക്**

**കറുകച്ചാൽ, പൊൻകുന്നം എന്നീ പോലീസ് സ്റ്റേഷനുകളിലെ ഉപയോഗശൂന്യമായ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കറുകച്ചാൽ, പൊൻകുന്നം പോലീസ് സ്റ്റേഷനുകളിലെ ഉപയോഗ ശൂന്യമായ ഭൂമിയിൽ എന്തെങ്കിലും പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; | (എ) | **കറുകച്ചാൽ, പൊൻകുന്നം പോലീസ് സ്റ്റേഷനുകളിൽ ഉപയോഗശൂന്യമായ ഭൂമി ഇല്ല. സ്റ്റേഷനുകളോടനുബന്ധിച്ചുള്ള പോലീസ് വകുപ്പിന്റെ ഭൂമികളിൽ കാലഹരണപ്പെട്ട ക്വാർട്ടേഴ്സുകൾക്ക് പകരം പുതിയ ക്വാർട്ടേഴ്സുകൾ പണിയുന്നതിനും, ബോർവെൽ നിർമ്മിക്കുന്നതിനും, സൈബർ ക്രൈം മുതലായ വിഷയങ്ങൾക്കുള്ള പരിശീലന കേന്ദ്രങ്ങൾ പണിയുന്നതിനുമുള്ള പോലീസ് പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളതും പ്രാവർത്തികമാക്കാനുള്ളതുമാണ്.** |
| (ബി) | പ്രസ്തുത സ്ഥലങ്ങളുടെ സർവേ നമ്പറുകൾ, റിക്കാർഡ് പ്രകാരമുള്ള ആകെ അളവുകൾ. അതിൽ നിലവിൽ ഉപയോഗിക്കുന്ന പ്രദേശത്തിന്റെ അളവുകൾ എന്നിവ സംബന്ധിച്ച വിശദാംശം അറിയിക്കാമോ; | (ബി) | പ്രസ്തുത സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>കറുകച്ചാൽ **പോലീസ് സ്റ്റേഷൻ** - കറുകച്ചാൽ വില്ലേജ്, Block No. 15, Survey No. 430/2, Changanassery Taluk, Station - 93 Cent, Quarters : 1.32 ½ Acre (2 Acres 28 Cents)<br>കറുകച്ചാൽ പോലീസ് സ്റ്റേഷന് ആകെയുള്ള 2 ഏക്കർ 28 സെന്റിലാണ് പഴയ പോലീസ് സ്റ്റേഷൻ കെട്ടിടവും, പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടവും, കാലഹരണപ്പെട്ട പോലീസ് ക്വാർട്ടേഴ്സുകളും, പോലീസ് ഉദ്യോഗസ്ഥർക്ക് താമസ സൗകര്യത്തിനായിട്ടുള്ള ക്വാർട്ടേഴ്സുകളും സ്ഥിതി ചെയുന്നത്.<br>പൊൻകുന്നം **പോലീസ് സ്റ്റേഷൻ** - ചിറക്കടവ് വില്ലേജ്, Resurvey No. 184/1, 185/1 (Old Survey No. 10/1417) 4 Acre 56 Cent<br>പൊൻകുന്നം പോലീസ് സ്റ്റേഷന് ആകെയുള്ള 4 ഏക്കർ 56 സെന്റിലാണ് പൊൻകുന്നം പോലീസ് സ്റ്റേഷൻ കെട്ടിടവും, അനുബന്ധ കെട്ടിടങ്ങളും, കാഞ്ഞിരപ്പള്ളി DySP ഓഫീസും, കൂടാതെ പോലീസ് ഉദ്യോഗസ്ഥർക്കുള്ള താമസ സൗകര്യത്തിനായി ഉള്ള 31 പോലീസ് ക്വാർട്ടേഴ്സുകളും, ടി ഓഫീസുകളുടെയും, ക്വാർട്ടേഴ്സുകളുടെ |

| | | | |
|---|---|---|---|
| | | | ആവശ്യത്തിനായുള്ള ജല സൗകര്യത്തിനുള്ള കുളവും, മോട്ടോർ പുരയും സ്ഥിതി ചെയ്യുന്നത്. |
| (സി) | പോലീസ് വകുപ്പ് പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തി പദ്ധതികൾ പ്രാവർത്തികമാക്കുന്നില്ലായെങ്കിൽ സ്ഥലലഭ്യതക്കുറവ് മൂലം ബുദ്ധിമുട്ടുന്ന മറ്റ് വകുപ്പുകളുടെ പദ്ധതികൾക്ക് സ്ഥലം വിട്ടുകൊടുക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | കറുകച്ചാൽ പോലീസ് സ്റ്റേഷനോട് അനുബന്ധിച്ചുള്ള പോലീസ് വകുപ്പ് വക ഭൂമിയിൽ കാലഹരണപ്പെട്ട ക്വാർട്ടേഴ്സുകൾക്ക് പകരം പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനും, ശുദ്ധജലത്തിനായി ബോർവെൽ നിർമ്മിക്കുന്നതിനും, സൈബർക്രൈം മുതലായ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനും പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളതാണ്. ആയതിനാൽ മറ്റ് വകുപ്പുകൾക്ക് വിട്ടുകൊടുക്കുവാൻ പര്യാപ്തമായ ഭൂമി ഇല്ല.<br>കറുകച്ചാൽ, പൊൻകുന്നം പോലീസ് സ്റ്റേഷനുകളിൽ "Special Assistance to State for Capital Investment" എന്ന പദ്ധതിയുടെ ഭാഗമായി പുതിയ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ നിന്നുള്ള ഫണ്ട് ലഭ്യതയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | കറുകച്ചാൽ, പൊൻകുന്നം ടൗണുകളുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന കോടികൾ വിലമതിക്കുന്ന ഏക്കർ കണക്കിന് ഭൂമി അന്യാധീനപ്പെട്ട് കാടുകയറിക്കിടക്കുന്ന സാഹചര്യത്തിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | (സി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ